# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വി. ഫ്രാൻസീസ് അസീസി (1181-1226)



'ഫ്രാൻസീസ് അസീസിയെപ്പോലെ ഒരു ഡസൻ ആളുകളെങ്കിലും റഷ്യയിലുണ്ടായിരുന്നെങ്കിൽ റഷ്യ എന്നേ മാനസാന്തരപ്പെട്ടുമായിരുന്നു.' കമ്മ്യൂണിസ്റ്റ് നേതാവും റഷ്യൻ വിപ്ലവത്തിന്റെ ഉപജ്ഞാതാവുമായ വ്ളാഡിമിർ ലെനിൻ പറഞ്ഞ വാക്കുകളാണിത്. ക്രൈസ്തവവിശ്വാസികൾ മാത്രമല്ല, മറ്റു മതക്കാരും നിരീശ്വരവാദികളുംവരെ അംഗീകരിച്ച വിശുദ്ധിയുടെ ഉടമയായിരുന്നു ഫ്രാൻസീസ് അസീസി. യേശുവിനെപ്പോലെ ജനിച്ച്, യേശുവിനെപ്പോലെ ജീവിച്ച വി.ഫ്രാൻസീസ് അസീസി വിശുദ്ധരിൽ വിശുദ്ധനായിരുന്നു. അതിസമ്പന്നനായ ഒരു വസ്ത്രവ്യാപാരിയുടെ മകനായിരുന്നു ഫ്രാൻസീസ്. ഇറ്റലിയിലെ ഉമ്പ്രിയയ്ക്കടുത്തുള്ള അസീസി എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. ഫ്രാൻസീസിന്റെ അമ്മ യേശുവിന്റെ അടിയുറച്ച വിശ്വാസിയായിരുന്നു. പ്രസവസമയമടുത്തപ്പോൾ അവർ ഒരു കാലിത്തൊഴുത്തിൽ പോകുകയും അവിടെവച്ച് ഫ്രാൻസീസിനെ പ്രസവിക്കുകയും ചെയ്തു.

തന്റെ മകനെ യേശുവിന്റെ യഥാർത്ഥഅനുയായി ആക്കണമെന്ന് ആ അമ്മ ആഗ്രഹിച്ചിരിക്കും. അക്കാലത്ത് ലഭിക്കാവുന്ന മികച്ച വിദ്യാഭ്യാസംതന്നെ ഫ്രാൻസീസിന്റെ പിതാവ് അവനു നൽകി. പിന്നീട് പിതാവിനൊപ്പം വ്യാപാരത്തിൽ പങ്കാളിയായ ഫ്രാൻസീസ് തന്റെ യൗവനകാലത്ത് ദരിദ്രരോട് ഒരു അനുകമ്പയും കാണിച്ചിരുന്നില്ല. പിതാവ് അവനെ പഠിപ്പിച്ചിരുന്നതും അങ്ങനെയായിരുന്നു. അക്കാലത്ത് ഫ്രാൻസീസിനും സൈനികപരിശീലനം കിട്ടുകയും അദ്ദേഹം സൈനികനായി ജോലി ആരംഭിക്കുകയും ചെയ്തു. അസീസിയും പെറുഗിയയുമായുള്ള യുദ്ധത്തിനിടയ്ക്ക് അദ്ദേഹം തടവുകാരനായി പിടിക്കപ്പെട്ടു. ഒരു വർഷത്തെ ജയിൽവാസമാണ് ഫ്രാൻസീസ് അസീസിയുടെ ജീവിതത്തെ മാറ്റിമറിച്ചത്. ജയിലിൽ ഏകനായി ഇരുന്ന് പ്രാർത്ഥിക്കവേ, ഫ്രാൻസീസിന് യേശുവിന്റെ ദർശനം ഉണ്ടായി.

ജയിൽമോചിതനായി തിരികെ എത്തിയതോടെ അദ്ദേഹം പുതിയൊരു ജീവിതത്തിനു തുടക്കമിട്ടു. സുവിശേഷങ്ങൾ അനുസരിച്ച് അദ്ദേഹം ജീവിച്ചു. യേശുനാഥനെ ജീവിതമാതൃകയാക്കി. ആർഭാടമുള്ള വേഷങ്ങൾ ഉപേക്ഷിച്ചു. വഴിയിൽ കാണുന്ന കുഷ്ഠരോഗികളെ അദ്ദേഹം ആശ്ലേഷിക്കുമായിരുന്നു. കുഷ്ഠരോഗികളെ അവജ്ഞതയോടെ കണ്ടിരുന്ന കാലമായിരുന്നു അതെന്ന് ഓർക്കണം. ഭിക്ഷ യാചിച്ച് ആരും തുണയില്ലാതെ നടക്കുന്ന ഒരു കുഷ്ഠരോഗിയെ ആശ്ലേഷിക്കുമ്പോൾ വി.കുർബാന സ്വീകരിക്കുന്ന അനുഭൂതിയാണെന്ന് അദ്ദേഹം പറയുമായിരുന്നു. ആശുപത്രികൾ സന്ദർശിച്ച് അദ്ദേഹം രോഗികളെ ആശ്വസിപ്പിച്ചു. അവർക്ക് പണം നൽകി. കാരാഗൃഹത്തിൽ കഴിയുന്നവർക്ക് ഭക്ഷണം കൊടുത്തയച്ചു.

താൻ അദ്ധ്വാനിച്ച സമ്പാദിക്കുന്ന പണം ഫ്രാൻസീസ് സാധുക്കൾക്ക് വെറുതെ നൽകുന്നതിൽ അദ്ദേഹത്തിന്റെ പിതാവ് അസ്വസ്ഥനായിരുന്നു.

ഒരു ദിവസം ഫ്രാൻസീസ് ഒരു സ്വപ്നം കണ്ടു. വി.പീറ്റർ ഡേമിയന്റെ നാമത്തിലുള്ള ദേവാലയം കേടുവന്നു നശിക്കുന്നുവെന്നായിരുന്നു ആ സ്വപ്നം. വീട്ടിൽനിന്നു പണമെടുത്ത് പിറ്റേന്ന്തന്നെ അദ്ദേഹം ദേവാലയത്തിലെത്തി സംഭാവന നൽകി. അതോടെ ഫ്രാൻസീസിന്റെ പിതാവ് നിയന്ത്രണം വിട്ട് അദ്ദേഹത്തെ മർദ്ദിച്ചു. വീട്ടിലിട്ട് പൂട്ടി. മെത്രാന്റെയടുത്ത് പോയി ഫ്രാൻസീസിനെക്കുറിച്ച് പരാതി പറയുകയും ചെയ്തു. പിതാവിന്റെ എതിർപ്പ് ശക്തമായപ്പോൾ വീടും സ്വത്തും പ്രതാപവും ഉപേക്ഷിച്ച് അദ്ദേഹം തെരുവിലേക്കിറങ്ങി. കുടുംബസ്വത്തും തന്റെ പേരിലുള്ള പണവും പിതാവ് യഥേഷ്ടം ഉപയോഗിച്ചുകൊള്ളട്ടെ എന്ന് മെത്രാനച്ചന് എഴുതിക്കൊടുത്ത ശേഷമായിരുന്നു അത്. 'സ്വർഗസ്ഥനായ എന്റെ പിതാവേ..' എന്നു വിളിക്കാൻ താൻ കൂടുതൽ യോഗ്യനായി എന്നായിരുന്നു ഫ്രാൻസീസ് ആ സംഭവത്തിനുശേഷം പറഞ്ഞത്. ഫ്രാൻസീസിന്റെ ജീവിതവും ഭക്തിയും ദർശനങ്ങളും വളരെ വേഗത്തിൽ ജനങ്ങളിലേക്കെത്തി. നിരവധിപേർ അദ്ദേഹത്തിന്റെ ശിഷ്യൻമാരായി. പല സ്ഥലങ്ങളിലും സന്യാസസമൂഹങ്ങൾക്ക് അദ്ദേഹം രൂപം കൊടുത്തു.

ഫ്രാൻസിസ്ക്കൻ സഭ എന്ന പേരിൽ ലോകം മുഴുവൻ ആ സന്യാസസമൂഹം വളർന്നു. വിശുദ്ധയായ അസീസിയിലെ ക്ലാര അദ്ദേഹത്തിന്റെ ശിഷ്യരിൽ ഒരാളായിരുന്നു. ക്ലാരയുടെ വിശ്വാസജീവിതത്തെ നേർവഴിക്കു തിരിച്ചുവിട്ടത് വിശുദ്ധ ഫ്രാൻസീസ് അസീസിയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലൂടെയാണു ക്ലാര ദൈവസ്നേഹത്തിന്റെ ആഴങ്ങൾ തൊട്ടറിഞ്ഞത്. തന്റെ സംശയങ്ങൾ അവൾ അദ്ദേഹത്തോട് ചോദിച്ചു. യേശുവിന്റെ നാമത്തിൽ ആഴത്തിലുള്ള സൗഹൃദമായി ഇതു വളർന്നു. ഫ്രാൻസീസ് അസീസിയുമായുള്ള ആത്മബന്ധം ഫ്രാൻസീഷ്യൻ, ക്ലാര സമൂഹങ്ങൾ ഒന്നിച്ചു പ്രവർത്തിക്കുന്നതിനു കാരണമായി. എവിടെയൊക്കെ ഫ്രാൻസീഷ്യൻ സഭ ഉണ്ടായോ അവിടെയൊക്കെ ക്ലാര സമൂഹവും ഉണ്ടായിരുന്നു. ദൈവത്തെ സ്തുതിക്കുന്ന നിരവധി ഗാനങ്ങൾ അദ്ദേഹം രചിച്ചു.

'എന്നെ സമാധാനത്തിന്റെ ഉപകരണമാക്കമേ...'എന്നു തുടങ്ങുന്ന അദ്ദേഹത്തിന്റെ പ്രാർത്ഥനാഗീതം വളരെ പ്രസിദ്ധമാണ്. 1224 ൽ ഒരു മലയുടെ മുകളിൽ ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ യേശുവിന്റെ ശരീരത്തിലെ തിരുമുറിവുകൾ ഫ്രാൻസീസിന്റെ ശരീരത്തിലുമുണ്ടായി. ആ പഞ്ചക്ഷതങ്ങളിൽ നിന്നും രക്തം പ്രവഹിച്ചു. പിന്നീട് അദ്ദേഹം ജീവിച്ച രണ്ടു വർഷക്കാലം ഇടയ്ക്കിടെ പഞ്ചക്ഷതങ്ങൾ അദ്ദേഹത്തിന്റെ ശരീരത്തിൽ പ്രത്യക്ഷപ്പെടുമായിരുന്നു. 1226 ലാണ് ഫ്രാൻസീസ് അസീസി മരിക്കുന്നത്. വെറും രണ്ടു വർഷത്തിനുള്ളിൽ പോപ് ഗ്രിഗറി ഒൻപതാമൻ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.